# 1 PU Model Question Paper 2023-24

## Malayalam (06)

**Time: 3 hr 15 minutes** **Marks: 80**

---

I. **ശരിയായ ഉത്തരം തിരെഞ്ഞെടുത്തെഴുതുക.** (10X1=10)

1. മനുഷ്യ ജീവിതത്തിന്റെ ക്ഷണികതയെ ശ്രീരാമൻ വ്യക്തമാക്കുന്നതെങ്ങനെ?
   (മഴയോട്, മിന്നലിനോട്, പ്രളയത്തിനോട്, തിരമാലയോട്)
2. ആരാണ് ചിത്രത്തിൽ ചേർത്ത കണക്കെ നിന്നു പോയത്?
   (പശുക്കൾ, മാൻപേട, കേകി നിരകൾ, പൈതങ്ങൾ)
3. 'ഇങ്ങനെ സംസാര നാടകമാടിനാൻ' ആര്?
   (കാളിയൻ, കൃഷ്ണൻ, ബലരാമൻ, ചങ്ങാതിമാർ)
4. കുഞ്ഞിന്റെ കണ്ണുനീർ എന്തുപോലെയാണ് കാണപ്പെടുന്നത്?
   (മുത്തുകൾ, നക്ഷത്രങ്ങൾ, പൂക്കൾ, വ്രണങ്ങൾ)
5. 'ഇന്നു ഞാൻ നാളെ നീ' എന്തിനെ സൂചിപ്പിക്കുന്നു.
   (ജനനത്തെ, മരണത്തെ, ജീവിതത്തെ, വാർദ്ധക്യത്തെ)
6. അധ:പതനം ഹാസ്യത്തിനു കാരണമെന്ന് പറഞ്ഞതാര്?
   (അരിസ്റ്റോട്ടിൽ, ജെയിൻ ഓസ്റ്റിൻ, ബെന്നറ്റ്, ഹാസ്‌ലിറ്റ്)
7. വാത്മീകി രാമായണം ഏകലോക വീക്ഷണത്തെ പ്രകീർത്തിക്കുന്നത് എങ്ങനെ?
   (ഭക്തിയിലൂടെ, മനുഷ്യത്വത്തിലൂടെ, ഐക്യതയിലൂടെ, യുദ്ധത്തിലൂടെ)
8. കള്ളിമുള്ളിന്റെ ജന്മഭൂമിയേത്?
   (ഇന്ത്യ, ചൈന, മദ്ധ്യഅമേരിക്ക, ആസ്ട്രേലിയ)
9. നായക്കുട്ടിയെ വളർത്തുന്നതിന് എതിരു നിന്നതാര്?
   (സുന്ദര അമ്മ, അച്ഛൻ, അദ്ധ്യാപകൻ, ശാരദാമ്മ)
10. മനുഷ്യരാശി അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ഏന്ത് എന്നാണ് ലേഖകൻ വ്യക്തമാക്കുന്നത്?
    (ദാരിദ്ര്യം, ജലക്ഷാമം, യുദ്ധം, മതസ്പർദ്ധ)

II. **വിട്ടഭാഗം പൂരിപ്പിക്കുക** (5X1=5)

(വിനോദം, സ്വിറ്റ്സർലാന്റ്, ഏകലവ്യൻ, ജലക്ഷാമം, ഇട്ടിച്ചിരി, നങ്ങേ്യമ, മെക്കാളെ പ്രഭു)

11. സ്പർശം കൊണ്ടും ശ്രവണം കൊണ്ടും എല്ലാവരേയും വിസ്മയിപ്പിച്ച അന്ധബാലിക ..................... ആണ്

12. യുദ്ധം ഭരണാധികാരികൾക്ക് ........................... ആണ്.

13. കാട്ടാള രാജാവായ ഹിരണ്യധനുസ്സിന്റെ പുത്രനാണ്...................

14. യൂറോപ്പിന്റെ മോന്തായം എന്നറിയപ്പെടുന്ന രാജ്യമാണ്.....................

15. ഇംഗ്ലീഷ് ഇന്ത്യയുടെ പൊതുഭാഷയാക്കിയത് ......................... ന്റെ നിർദ്ദേശം അനുസരിച്ചായിരുന്നു.

III. **ചേരുംപടി ചേർക്കുക.** (5X1=5)

16. ഒ.എൻ.വി - കിളിപ്പാട്ട്
17. വി.ടി.ഭട്ടതിരിപ്പാട് - ജ്ഞാനപീഠം
18. ചെറുശ്ശേരി - സാഹിത്യമഞ്ജരി
19. വള്ളത്തോൾ - കൃഷ്ണഗാഥ
20. എഴുത്തച്ഛൻ - കണ്ണീരും കിനാവും

IV. **രണ്ടോ മൂന്നോ വാക്യത്തിൽ കവിയാതെ ഉത്തരം എഴുതുക.**(മൂന്നെണ്ണത്തിന്)

(4X2=8)

21. മനുഷ്യശരീരത്തിന് രോഗവും ജരാനരകളും സംഭവിക്കുന്നതിനെ കവി ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെ?
22. കാളിയനെ കണ്ട കുട്ടികളും പൈക്കളും പ്രതികരിച്ചതെങ്ങനെ?
23. കാലക്രമേണ മകന്റെ കൈകൾ എന്തിന് ഉതകുമെന്നാണ് കവിയത്രി പറയുന്നത്?
24. രവീന്ദ്രനാഥ ടാഗോറിന്റെ 'കവിയുടെ മതം' എന്ന ഉപന്യാസത്തിന്റെ പ്രാധാന്യം ലേഖകൻ വ്യക്തമാക്കിയിരിക്കുന്നത് എങ്ങനെ?
25. വി.ടി ജീവിതത്തിൽ ആദ്യമായി പറഞ്ഞ അസത്യം എന്ത്?
26. മരണത്തെക്കുറിച്ച് കെന്നഡിയുടെ അഭിപ്രായം എന്തായിരുന്നു.

V. **ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക. (രണ്ടെണ്ണത്തിന്)** (2X4=8)

27. വിദ്യയെയും അവിദ്യയെയും കുറിച്ച് രാമൻ വ്യക്തമാക്കുന്നതെങ്ങനെ?
28. എങ്ങനെയാണ് കൃഷ്ണൻ കാളിയനെ കീഴടക്കിയത്?
29. ജലവിനിയോഗത്തിലെ താളപ്പിഴകൾ ജീവിതത്തെ ദുരിതപൂർണ്ണ മാക്കുന്നതെങ്ങനെയെന്ന് പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.
30. ഏകലവ്യന്റെ ഗുരുഭക്തി, നിശ്ചയദാർഢ്യം, ധൈര്യം എന്നിവ വിലയിരുത്തുക.

VI. **സന്ദർഭവും സാരസ്യവും വ്യക്തമാക്കി ഉത്തരമെഴുതുക.(രണ്ടെണ്ണത്തിന്)** (2X4=8)

31. മിന്നിച്ചില്ല, തളർന്ന മിഴികളിൽ

ചെന്നിറം ചെറ്റുമില്ലാക്കവിളിൽ
എന്നുമുലകിലെ പൂക്കളിൽ മിക്കതു
മിങ്ങനെ മൊട്ടിൽക്കരിയണമോ?

32. ജീവിതം പോലെ രണ്ടറ്റവും കാണാത്തൊരാവഴിയിങ്കൽ തനിച്ചു ഞാൻ നിന്നുപോയ്.

33. 'സത്യം സ്വത്തിനേക്കാൾ വിലപിടിച്ച മൂലധനമാണ്, ജീവിതയാത്രയിൽ ചെക്ക് ബുക്കിനേക്കാൾ അതുപകരിക്കും തീർച്ച'?

34. 'അതോ, എല്ലാ കൊച്ചിയാൻമാരും കള്ളൻമാരാണെന്ന്' ആഷ്‌ലി ചിരിച്ചു.

VII. **നൂറുവാക്കിൽ കവിയാതെ ഉത്തരമെഴുതുക. (ഒരെണ്ണത്തിന്)** (1X4=4)

35. രാമുവിന്റെ സ്വഭാവ സവിശേഷതകൾ കരുണയെ മുൻ നിർത്തി വിവരിക്കുക.

36. വേണുഗാനം വൃന്ദാവനത്തിലെ ചരാചരങ്ങളിലുണ്ടാക്കിയ മാറ്റങ്ങൾ വിവരിക്കുക.

37. സ്വിറ്റ്സർലാന്റിൽ പൊറ്റക്കാട് കാണുന്ന കാഴ്ചകൾ വിവരിക്കുക.

38. **പരാവർത്തനം ചെയ്യുക** (1X4=4)

പല്ലവം പോലുള്ള രണ്ടിളം കൈകൾ വ-
ന്നുല്ലസല്ലീലമായ് തല്ലുകയാൽ
വെൺമുലപ്പാൽ നുരചിന്നിച്ചിതറി ന-
ല്ലമ്മയാമന്നദിയ്ക്കാർദ്രനെഞ്ചിൽ!

39. **പദം പിരിച്ചെഴുതുക** (1X3=3)

1. കണ്വനന്ദിനിയില്ലാത്തൊരീമുറ്റ
   ത്തെന്നു വന്നു നീ? യെന്തിന്നു വന്നു നീ?

40. **ആശയം വിശദമാക്കുക** (ഒന്നിന്) (1X4=4)

1) കൊട്ടാരം ചിന്തയാൽ ഗാഗരം കൊള്ളുന്നു
   കൊച്ചുകുടിൽക്കത്രേ നിദ്രാസുഖം.

2) ''മേലേത്തരത്തിലുടയോരുടെ ഹീനകൃത്യം
   മേലേത്തരത്തി,ലുലകങ്ങനെയല്ലിപണ്ടും''

41. **പദം പിരിച്ച് സന്ധി നിർണ്ണയിക്കുക. (രണ്ടെണ്ണത്തിന്)** (2X2=4)

1. മുലപ്പാൽ
3. പുല്ലെല്ലാം
4. വാടികയെങ്ങ്

**42. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. (രണ്ടെണ്ണത്തിന്)** (2X2=4)

1. പൂവർഷം
2. ദേവർഷിമാർ
3. താമരക്കണ്ണൻ

**43. വിപരീത പദമെഴുതുക. (രണ്ടെണ്ണത്തിന്)** (2X1=2)

1. ധർമ്മം
2. നന്മ
3. ഏകം

**44. പര്യായ പദമെഴുതുക. (രണ്ടെണ്ണത്തിന്)** (2X1=2)

1. മനുഷ്യൻ
2. രക്തം
3. നദി

**45. വൃത്തം നിർണ്ണയിക്കുക (ഒരെണ്ണത്തിന്)** (1X3=3)

1. ഒന്നു നടുങ്ങി ഞാനാ നടുക്കം തന്നെ
   മിന്നുമുടുക്കളിൽ ദൃശ്യമാണിപ്പൊഴും.
2. മുറ്റും വിളർത്തു കാണായിതവനെ,ണ്ണ
   വറ്റിയെരിഞ്ഞ തിരിയെപ്പോലെ.

**46. അലങ്കാരം നിർണ്ണയിക്കുക. (ഒരെണ്ണത്തിന്)** (1X3=3)

1. ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദുരം
   ഭക്ഷണത്തിന്നപേക്ഷിക്കുന്നതു പോലെ
2. കാളിന്ദിയിട്ടു കലക്കിനാൻ കാളിയൻ
   കാട്ടാന കൊച്ചു കുളത്തെപ്പോലെ

**47. വാക്യത്തിൽ പ്രയോഗിക്കുക. (മൂന്നെണ്ണത്തിന്)** (1X3=3)

1. ദുസ്സഹം
2. ചാപല്യം
3. പരിപാലിക്കുക
4. വിലസുക